(ബി) ഡീസൽ സെസ്സിലൂടെ സമാഹരിക്കുന്ന തുകക്ക് ആനുപാതികമായി സംസ്ഥാനത്തിന് വിഹിതം വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോടു അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) 2003-2004-ൽ സംസ്ഥാനത്തെ 14 ബ്ലോക്കുകളിൽ നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.† 2004-2005 വർഷം നടപ്പാക്കുന്ന പദ്ധതികളുടെ പൂർണ്ണ രൂപം തയ്യാറായിട്ടില്ല.

ഗ്രാമീണ സടക് യോജന പദ്ധതി

193 [1669] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ഗ്രാമീണ സടക് യോജന പദ്ധതി പ്രകാരം സംസ്ഥാനത്തിന് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് പറയാമോ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് നിർമ്മാണ പ്രവൃത്തികൾ നടത്തി വരുന്ന സംസ്ഥാനത്തെ റോഡുകൾ ഏതെല്ലാമാണെന്നും അവയുടെ നിർമ്മാണ ഘട്ടം ഏതുവരെയാണെന്നും പറയാമോ?

ഉത്തരം

(എ) പ്രധാനമന്ത്രിയുടെ ഗ്രാമീണ സടക് യോജന പദ്ധതിയനുസരിച്ച് 2000-2001 വർഷം 19.71 കോടി രൂപയും 2001-2002-ൽ 27.65 കോടി രൂപയും 2002-2003 വർഷം 11.43 കോടി രൂപയും ഉൾപ്പെടെ ആകെ 58.79 കോടി രൂപ കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്.

(ബി) പ്രവർത്തികളുടെ നിർമ്മാണ പുരോഗതി റിപ്പോർട്ട് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

പി.എം.ജി.എസ്.വൈ. പ്രകാരം പ്രവൃത്തികൾ തെരഞ്ഞെടുക്കുന്നതിന് മാനദണ്ഡം

194 [1670] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പ്രകാരം പ്രവൃത്തികൾ തെരഞ്ഞെടുക്കുന്നതിന് നിലവിലുള്ള മാനദണ്ഡമെന്താണ്;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുള്ള മാനദണ്ഡങ്ങൾ മറികടന്ന് പാലക്കാട് ജില്ലയിൽ പ്രവർത്തികൾ തെരഞ്ഞെടുത്ത വിവരം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നല്കുമോ;

(സി) പി.എം.ജി.എസ്.വൈ പ്രകാരം കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് ഈയിനത്തിൽ സംസ്ഥാന സർക്കാരിന് ലഭിച്ചത്; 2004-05 സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപയാണ്. ഈ ഇനത്തിൽ പ്രതീക്ഷിക്കുന്നത്;

(ഡി) പാലക്കാട് ജില്ലയിൽ കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷം പി.എം.ജി.എസ്.വൈ. പ്രകാരം ഏതെല്ലാം ബ്ലോക്കുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്; ഓരോ വർഷവും എത്ര ലക്ഷം രൂപയാണ് ഈയിനത്തിൽ ചിലവഴിച്ചിട്ടുള്ളത്?

ഉത്തരം

(എ) പ്രധാനമന്ത്രിയുടെ ഗ്രാമ സടക് യോജന പദ്ധതി പ്രകാരം ഏറ്റവും കൂടുതൽ ഒറ്റപ്പെട്ട സങ്കേതങ്ങൾ സ്ഥിതിചെയ്യുന്ന ബ്ലോക്കുകളെയാണ് പദ്ധതിയിലേയ്ക്ക് പരിഗണിയ്ക്കുന്നത്. ഇതിനായി ജില്ലാ തലത്തിൽ ബഹു. എം.പി.-മാർ, എം.എൽ.എ.-മാർ, ജില്ലാ പഞ്ചായത്ത് അംഗങ്ങൾ എന്നിവർ പങ്കെടുക്കുന്ന യോഗത്തിലാണ് തെരഞ്ഞെടുപ്പു നടത്തുന്നത്. ഇത്തരത്തിൽ ബ്ലോക്കുകളെ തെരഞ്ഞെടുക്കുന്നതോടൊപ്പം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിയ്ക്കുന്ന റോഡുകളുടെ മുൻഗണന പട്ടിക പരിശോധിച്ചു അംഗീകരിക്കുന്നതും ജില്ലാതലത്തിൽ നടക്കുന്ന യോഗത്തിൽ വെച്ചാണ്.

(ബി) മാനദണ്ഡങ്ങൾ മറികടന്ന് പാലക്കാട് ജില്ലയിൽ പ്രവർത്തികൾ തെരഞ്ഞെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷം 39.08 കോടി രൂപ ലഭിച്ചിട്ടുണ്ട്. കേരളത്തിന് നിശ്ചയിച്ചിട്ടുള്ള വാർഷിക വിഹിതമായ 20 കോടി രൂപയാണ് 2004-2005 സാമ്പത്തിക വർഷം പ്രതീക്ഷിയ്ക്കുന്നത്.

(ഡി) കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ പാലക്കാട് ജില്ലയിൽ പി.എം.ജി.എസ്.വൈ-യ്ക്ക് ബ്ലോക്കുകളൊന്നും തെരഞ്ഞെടുത്തിട്ടില്ല. 2000-2001-ൽ തെരഞ്ഞെടുത്ത ശ്രീകൃഷ്ണപുരം ബ്ലോക്കിൽ 2003 ഡിസംബർ 31 വരെ 454.73 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

പേരാമ്പ്ര ബ്ലോക്കിൽ നീർത്തട വികസന പദ്ധതി

195 [1671] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ബ്ലോക്കുകളിൽ നീർത്തട വികസന പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്നും അവയുടെ പേരും വിവരവും വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly